## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1314

06-03-2020-ൽ മറുപടിക്ക്

## നബാർഡിന്റെ ധനസഹായം

**ചോദ്യം**

**ശ്രീ.എ.പി. അനിൽകുമാർ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കാർഷിക മേഖലയിൽ നബാർഡിന്റെ ധനസഹായം ഏതൊക്കെ കാര്യങ്ങൾക്കാണ് നിലവിൽ ലഭിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാന സർക്കാരുകൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള ഏജൻസികൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കും കൃഷിയ്ക്കും അനുബന്ധ ഘടകങ്ങൾക്കുമായി അടിസ്ഥാന സൗകര്യ വികസനത്തിനായി റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്), ഫുഡ് പ്രോസസിംഗ് ഫണ്ട് (എഫ്.പി.എഫ്), വെയർഹൗസ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (ഡബ്ല്യൂ.ഐ.എഫ്), ഡയറി ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (ഡി.ഐ.ഡി.എഫ്), ലോംഗ് ടേം ഇറിഗേഷൻ ഫണ്ട് (എൽ.ടി.ഐ.എഫ്), മൈക്രോ ഇറിഗേഷൻ ഫണ്ട് (എം.ഐ.എഫ്), ഫിഷറീസ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (എഫ്.ഐ.ഡി.എഫ്), നബാർഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അസിസ്റ്റൻസ് (എൻ.ഐ.ഡി.എ) എന്നിങ്ങനെ വിവിധ തരം വായ്പകൾ നബാർഡ് നൽകി വരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന സഹകരണ അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്കുകൾ എന്നിവ മുഖേന ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള റീഫൈനാൻസ് സഹായങ്ങളും നബാർഡ് നൽകി വരുന്നു. സീസണൽ കൃഷിക്കായി ഹ്രസ്വകാല ധനസഹായവും, കൃഷിയ്ക്കും അനുബന്ധ മേഖലയിലുമുള്ള നിക്ഷേപങ്ങൾക്കായി ദീർഘകാല സഹായവും ആണ് നൽകി വരുന്നത്. |
| (ബി) | നബാർഡിൽ നിന്നും ലഭിക്കുന്ന ധനസഹായം എത്ര ശതമാനം പലിശയ്ക്കാണ് കർഷകർക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ബാങ്ക് വായ്പകളേക്കാൾ 1.5% കുറഞ്ഞ നിരക്കിൽ, അതായത് 3.90% വാർഷിക പലിശ നിരക്കിലാണ് നിലവിൽ നബാർഡ് അടിസ്ഥാന സൗകര്യ വികസന വായ്പകൾ കർഷകർക്ക് നൽകി വരുന്നത്. എന്നാൽ ലോങ്ങ് ടേം റീഫിനാൻസ് ക്രോപ്പ് ലോണുകളുടെ പലിശ നിരക്ക് 7.75-11.15% ആണ്. |

| | | | |
|---|---|---|---|
| (സി) | അടുത്ത സാമ്പത്തിക വർഷം സംസ്ഥാനത്തെ കാർഷികാനുബന്ധ മേഖലയ്ക്കായി നബാർഡ് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് അറിയുമോ: എങ്കിൽ വ്യക്തമാക്കാമോ? | (സി) | അടുത്ത സാമ്പത്തിക വർഷം സംസ്ഥാനത്തെ കാർഷികാനുബന്ധ മേഖലയ്ക്കായി നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിൽ മാത്രം 100 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്. 2020-21 വർഷത്തേയ്ക്കുള്ള മറ്റ് അടിസ്ഥാന സൗകര്യ വികസന ഫണ്ടുകളുമായി ബന്ധപ്പെട്ട ബജറ്റ് അലോക്കേഷൻ നബാർഡ് ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കൃഷിയും അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി കേരള സംസ്ഥാനത്തിന് 2020-21 വർഷത്തേയ്ക്കുള്ള ക്രെഡിറ്റ് പ്രോജക്ഷൻ 64,33,819/- രൂപയാണെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ